**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **11-06-2024 - ൽ മറുപടിയ്ക്ക്**

**പൊന്നാനിയിൽ മൾട്ടി പർപ്പസ് തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനിയിൽ മൾട്ടി പർപ്പസ് തുറമുഖം സ്ഥാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനമനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | പൊന്നാനി തുറമുഖ വികസനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ ശ്രീ പി. നന്ദകുമാറിന്റെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം 2022 ൽ തുറമുഖം സന്ദർശിക്കുകയും ഹൈഡ്രോഗ്രാഫിക് സർവ്വേ ചാർട്ട് പ്രകാരം തുറമുഖത്തിന്റെ ആഴം പരിശോധിച്ച് ഫിഷിങ് ഹാർബറിലെ ജങ്കാർ ജെട്ടിക്ക് കിഴക്കുവശത്ത് 200 മീറ്റർ വാർഫു നിർമ്മിക്കാവുന്നതാണെന്ന് കാണുകയും വാർഫ് നിർമ്മിച്ചുകൊണ്ട് ചെറുകിട തുറമുഖ പ്രവർത്തനം സാധ്യമാകും എന്ന് വിലയിരുത്തു കയും ചെയ്തിരുന്നു. ആയതിന്റെ തുടർച്ചയായി പൊന്നാനി തുറമുഖത്തിന്റെ സമഗ്ര വികസനത്തി നായി വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 90 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കി ഡി. പി. ആർ പരിശോധിച്ചുവരുന്നു. ഡി. പി. ആർ ൽ ഉൾപ്പെടുന്ന പൊന്നാനി തുറമുഖ വികസന പദ്ധതിയിലെ ആദ്യ ഘട്ടമായ വാർഫ് നിർമാണവും അനുബന്ധ പ്രോജക്ടുകളും കേന്ദ്രസർക്കാരിന്റെ സാഗർമാല സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു,. 2023-24 സാമ്പത്തിക വർഷത്തിൽ പൊന്നാനി തുറമുഖ വികസനത്തിനായി 2.5 കോടി രൂപയാണ് "5051-02-200-79-Development of Ponnani Port" എന്ന ശീർഷകത്തിൽ വകയിരുത്തി യിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ -ൽ മൾട്ടിപർപ്പസ് വാർഫ് നിർമ്മാണത്തിന് 20.23 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.<br><br>വാർഫ് നിർമ്മാണം നടത്തുന്നതിനും സാഗർമാലാ പദ്ധതിയിലേക്ക് ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും പാരിസ്ഥിതിക ആഘാത |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് ആവശ്യമാണ്. വാർഫ് നിർമ്മാണ ത്തിന്റെ പ്രാരംഭം എന്ന നിലയിൽ ആയതിന്റെ Rapid EIA study നടത്തുന്നതിനും CRZ Clearance ലഭ്യമാക്കുന്ന തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 20 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പൊന്നാനി തുറമുഖം എല്ലാ സൗകര്യങ്ങളുമുള്ള ഒരു നോൺ മേജർ തുറമുഖമായി സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടി (PPP മോഡൽ) വികസിപ്പിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതിയും കെ.എം.ബി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ